## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 312** **25.04.2017 ലെ മറുപടിയ്ക്ക്**

## ബാലാവകാശ കമ്മീഷനിലെ അംഗങ്ങളുടെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബാലാവകാശ കമ്മീഷനിൽ എത്ര അംഗങ്ങളുടെ ഒഴിവുകൾ നിലവിലുണ്ട്; | (എ) | 6 ഒഴിവുകൾ. |
| (ബി) | പ്രസ്തുത ഒഴിവുകൾ യഥാസമയം നികത്താത്തതുകൊണ്ട് സുപ്രീം കോടതി സംസ്ഥാന സർക്കാരിന് പിഴചുമത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് പിഴയിനത്തിൽ ഒടുക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളത്; | (ബി) | ഉണ്ട്.<br>₹ 50,000/- (അൻപതിനായിരം രൂപ) |
| (സി) | ഇത്തരം ഒഴിവുകൾ യഥാസമയം നികത്താത്തത് ജുവനൈൽ ജസ്റ്റിസ് നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അലംഭാവം വരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ടോ; ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല. 2005 ലെ ബാലാവകാശ സംരക്ഷണ നിയമ പ്രകാരമാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ 08.01.2017 ൽ ഒഴിവ് വന്ന 6 അംഗങ്ങളുടെ ഒഴിവ് നികത്തുന്നതിനായി 2016 നവംബർ മാസം യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭ്യമായ 154 അപേക്ഷകൾ പരിശോധിച്ച് അതിൽ നിന്നും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട അപേക്ഷകരുടെ ഇന്റർവ്യൂ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമന നടപടികൾ രണ്ട് മാസത്തേയ്ക്ക് സ്റ്റേ ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവായതിനാൽ നിയമന നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. സ്റ്റേ കാലാവധി കഴിഞ്ഞതിനാൽ നിയമന നടപടികൾ ഉടൻ തന്നെ പൂർത്തിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ.